# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2012 മാർച്ച് 6, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

### ഡോ. സുകുമാർ അഴീക്കോട്, പി.കെ. നാരായണപ്പണിക്കർ എന്നിവരുടെ നിര്യാണം

കേരളത്തിന്റെ സാഹിത്യ - സാംസ്കാരിക - സാമൂഹിക - രാഷ്ട്രീയ മണ്ഡലങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്ന അതുല്യ വ്യക്തിത്വങ്ങളായിരുന്ന ഡോ: സുകുമാർ അഴീക്കോട്, പി. കെ. നാരായണപ്പണിക്കർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പ സമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**<u>അടിയന്തരപ്രമേയം</u>**

## <u>കാർഷിക മേഖലയിലെ പ്രശ്നങ്ങൾ</u>

<u>മി. സ്പീക്കർ:</u> കാർഷിക ഉല്പന്നങ്ങളുടെയും രാസവളങ്ങളുടെയും സബ്സിഡികൾ വെട്ടിക്കുറയ്ക്കൽ, ഇറക്കുമതി ചുങ്കം ഇല്ലാതാക്കൽ, കമ്പോളത്തിലെ സർക്കാർ നിയന്ത്രണം എടുത്തുകളയൽ എന്നിവ യുടെയെല്ലാം ഫലമായി സംസ്ഥാനത്ത് ഉൽപാദനച്ചെലവിൽ വൻവർദ്ധനയും വിലത്തകർച്ചയും ഉണ്ടായതുമൂലം കഴിഞ്ഞ അഞ്ചുമാസത്തിനിടയിൽ കടക്കെണിയിലകപ്പെട്ട് 47 കർഷകർ ആത്മഹത്യ ചെയ്തതായി പറയപ്പെ ടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എം.ചന്ദ്രൻ, സി. കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> കേരളത്തിൽ കർഷക ആത്മഹത്യകൾ ഉണ്ടാകു ന്നത് കൂടുതലും വയനാട് ജില്ലയിലാണ്. കൃഷിക്കായി ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവരാണ് ആത്മഹത്യ ചെയ്യുന്നത്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ഒരുലക്ഷം രൂപവീതം താത്ക്കാലിക ധനസഹായം നൽകാനും അവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുമുള്ള നടപടികൾ ആരംഭിച്ചു. ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്വേർഡ് ക്ലാസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ നടത്തുന്ന റവന്യൂ റിക്കവറി നടപടി കൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കാനും കടങ്ങൾക്കുള്ള

പിഴപ്പലിശ ഒഴിവാക്കാനും കൃത്യമായ തിരിച്ചടവിന്റെ പലിശയിനത്തിൽ 10 ശതമാനം കിഴിവ് അനുവദിക്കാനും വാണിജ്യ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും നിർബന്ധപൂർവ്വമുള്ള റവന്യൂ റിക്കവറി നടപടികൾ ഒരു വർഷത്തേയ്ക്ക് നിർത്തിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയെ ഡിസ്ട്രസ് അഫക്ടഡ് ജില്ലയായി പ്രഖ്യാപിച്ചു. 31-10-2011 വരെയുള്ള മുഴുവൻ കാർഷിക കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ആക്ട് ഭേദഗതി ചെയ്യുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ജില്ലാ ബാങ്കുകളും പ്രൈമറി സഹകരണ ബാങ്കുകളും കാർഷിക വായ്പകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതോടൊപ്പം നബാർഡിൽ നിന്നും റീഫൈനാൻസായി 500 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന മൈക്രോ ഫൈനാൻസ് ഏജൻസികളെ ഒഴിവാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങൾക്ക് താങ്ങുവില നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ നെല്ലും സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർഷക മിത്ര സമിതി രൂപീകരിക്കുകവഴി ഓരോ പഞ്ചായത്തിലും പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലനിലവാരം എന്നിവയെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ : കർഷക ആത്മഹത്യയ്ക്ക് കാരണം ഇന്ത്യയിൽ നിലനിൽക്കുന്ന കാർഷിക വിരുദ്ധ നിലപാടുകളും തെറ്റായ സാമ്പത്തിക നയങ്ങളുമാണ്. കേരളത്തിലെ ദരിദ്ര കർഷകർക്ക് പൊതുസമൂഹത്തിന്റെ സംരക്ഷണം ആവശ്യമാണ്. കഴിഞ്ഞ 5 മാസത്തിനിടയിൽ 47 കർഷകർ ആത്മഹത്യ ചെയ്തിട്ടും ഈ ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വന്നിട്ടില്ല. രാസവളങ്ങളുടെ വില നിയന്ത്രണത്തിൽനിന്ന് കേന്ദ്ര സർക്കാർ പിൻമാറിയതുവഴി അവയുടെ വില പതിൻമടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. ഉൽപാദനച്ചെലവ് കൂടുകയും വില ത്തകർച്ച ഉണ്ടാകുകയും ചെയ്തിട്ടും സർക്കാർ ഇടപെടുന്നില്ല. നെല്ല് സംഭരണം കൃത്യമായി നടക്കുന്നില്ലെന്ന് മാത്രമല്ല, പലസ്ഥലത്തും സംഭരണവില പോലും നൽകുന്നില്ല. കാർഷിക മേഖലയെ ദുരിതാശ്വാസ മേഖലയായി പ്രഖ്യാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മൈക്രോ ഫിനാൻസിന്റേയും പ്രൈവറ്റ് മണി ലെന്റേഴ്സിന്റേയും കയ്യിൽ അകപ്പെടാതെ കർഷകരെ സംരക്ഷിക്കാൻ തയ്യാറാകണം. ബാങ്കുകൾ നൽകിയ കാർഷിക വായ്പകൾ പരിശോധനയ്ക്ക് വിധേയമാക്കണം. ഇഞ്ചി ഒരു ദുരന്ത വിളയായി പ്രഖ്യാപിക്കുകയും കർഷകന്റെ ഉൽപാദന ചെലവും ലാഭവും നിശ്ചയിച്ച് സഹായം നൽകുന്നതിനുള്ള നടപടി സ്വീകരി ക്കുകയും വേണം. കേരളത്തിലെ എല്ലാ നാണ്യവിളകളും സംഭരിച്ച് അവയുടെ തറവില പുതുക്കി നിശ്ചയിക്കുന്നതിനും കാർഷിക വായ്പ എഴുതിത്തള്ളുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഓരോ നാണ്യ വിളയ്ക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും രണ്ടേക്കറിൽ താഴെ കൃഷിഭൂമിയുള്ള കർഷകരുടെ പ്രീമിയം ഗവൺമെന്റ്തന്നെ അടയ്ക്കുന്നതി

നുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ പ്രശ്നം ഗൗരവത്തോടുകൂടി യാണ് ഗവൺമെന്റ് കാണുന്നത്. കേരളത്തിൽ ഒരിഞ്ച് ഭൂമിപോലും കൃഷി ചെയ്യാത്തവരും അന്യ സംസ്ഥാനങ്ങളിൽ പോയി പാട്ടത്തിന് ഇഞ്ചിക്കൃഷി ചെയ്ത് സാമ്പത്തിക നഷ്ടം ഉണ്ടായവരുമായ കർഷകർ മരിച്ചത് കർഷക ആത്മഹത്യയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ പ്രതിപക്ഷത്തി ന്റേയും കൂടി നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് സാധ്യമായതെല്ലാം ചെയ്യാൻ തയ്യാറാണ്. കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശയനുസരിച്ച് കർഷകരുടെ കടം എഴുതിത്തള്ളാൻ 58 കോടി രൂപ മാത്രമാണ് മുൻ സർക്കാർ അനുവദിച്ചത്. അതിൽ 24 കോടി രൂപ ഇനിയും കൊടുക്കാനു ണ്ട്. 2006 ജനുവരി മാസം വരെയുള്ള കടങ്ങൾ മാത്രമാണ് ഈ കമ്മീ ഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി എന്നുള്ള ഡെഡ്ലൈൻ മാറ്റുകയും 31-10-2011 വരെ കടമെടുത്തിട്ടുള്ള കർഷകരുടെ അപേക്ഷകൾകൂടി പരിഗണിക്കത്തക്ക വിധത്തിൽ മാറ്റം വരുത്തുകയും ചെയ്തു. രാസ വളങ്ങളുടെ വിലവർദ്ധിപ്പിച്ചതിലുള്ള ആശങ്ക കേന്ദ്രഗവൺമെന്റിനെ അറിയി ച്ചിട്ടുണ്ട്. കർഷക ആത്മഹത്യ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ എ.പി.സി.യുടെ നേതൃത്വത്തിലുള്ള സംഘത്തെ വയനാട്ടിലേക്ക് അയയ്ക്കുകയും കൃഷി വകുപ്പുമന്ത്രിയും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് ക്യാബിനറ്റ് കൂടി

തീരുമാനമെടുത്തതിന്റെ ഭാഗമായി സഹകരണ മേഖലയിലുള്ള മുഴുവൻ വായ്പകൾക്കും ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും പിഴ പ്പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കുകയും ഈ ആനുകൂല്യം വാണിജ്യ ബാങ്കുകൾകൂടി കൊടുക്കണമെന്ന് ആവശ്യപ്പെടു കയും ചെയ്തു. ഈ ആനുകൂല്യം ലഭ്യമാക്കുന്നതിനായി 30-12-2011-ന് വയനാട് ജില്ലയെ കാർഷിക ദുരന്ത ബാധിത പ്രദേശമായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചു. കാർഷിക വിളകൾക്ക് വിപണിയിൽ ബുദ്ധിമുട്ടോ നാശനഷ്ടമോ ഉണ്ടാകുന്ന അവസരത്തിൽ അതിലിടപെട്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) മുല്ലപ്പെരിയാർ ഡാമിന്റെയും പരിസരവാസികളുടെയും സുരക്ഷിതത്വം**

ശ്രീമതി ഇ. എസ്. ബിജിമോൾ : ഇടുക്കി, മുല്ലപ്പെരിയാർ ഡാമുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 05-03-2012-നുണ്ടായതടക്കം 33-ാമത്തെ തവണയാണ് ഭൂചലനമുണ്ടാകുന്നത്. ഇടുക്കി

അണക്കെട്ടിൽനിന്ന് 9.5 കിലോമീറ്ററും കുളമാവിൽനിന്ന് 7.5 കിലോമീറ്ററും അകലെ സ്ഥിതി ചെയ്യുന്ന ഉപ്പുതറ പഞ്ചായത്തിലെ വെഞ്ഞൂർമേട് മേഖല യാണ് ഇതിന്റെ പ്രഭവ കേന്ദ്രം. ഭൂചലനവുമായി ബന്ധപ്പെട്ട മുഴുവൻ വിവര ങ്ങളും ശാസ്ത്രജ്ഞർ പുറത്തുവിട്ടിട്ടില്ല. മുല്ലപ്പെരിയാർ ഭ്രംശമേഖലയിലല്ല ഭൂചലനമുണ്ടായത് എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുമ്പോഴും ജനങ്ങളിലുള്ള ആശങ്ക വിട്ടുമാറിയിട്ടില്ല. തുടർച്ചയായ ഭൂചലനങ്ങൾ പീരുമേട്ടിലേയും ഇടുക്കി, മുല്ലപ്പെരിയാർ ഡാമിന്റെ പരിസരത്ത് അധിവസിക്കുന്ന മുഴുവൻ ആളുകളേയും ഭയാശങ്കയിലാക്കുന്നുണ്ട്. സമാധാനാന്തരീക്ഷം സൃഷ്ടിച്ചെ ങ്കിൽ മാത്രമേ സമവായത്തിന് സാധ്യതയുണ്ടാകുകയുള്ളൂ എന്ന പ്രധാന മന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പരിശോധനയ്ക്കെത്തിയ വിദഗ്ദ്ധർ വനിതാ ചീഫ് എഞ്ചിനീയറെ പരസ്യ മായി അപമാനിച്ച സംഭവത്തിനും മുല്ലപ്പെരിയാർ സെൽ ചെയർമാൻ തന്നെ സാങ്കേതിക പരിശോധന ബഹിഷ്ക്കരിച്ച വാർത്തകൾക്കും കേരളം സാക്ഷ്യം വഹിച്ചു. സുർക്കി ലഭിക്കാത്തതിനെത്തുടർന്ന് ബോർഹോൾ പരിശോധനയ്ക്ക് കാലതാമസം വരുത്തി അത് ഉപേക്ഷിക്കുന്നതിനുള്ള ദൗർഭാഗ്യകരമായ നിലപാട് തമിഴ്നാടിന്റെ ഭാഗത്തുനിന്ന് ഉണ്ടായപ്പോൾ വ്യക്തമായ പ്രതികരണം രേഖപ്പെടുത്താൻ പോലും സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞില്ല. സാങ്കേതിക പരിശോധനയ്ക്കെത്തിയ വിദഗ്ദ്ധർ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥർക്ക് ബേബി ഡാം ബലപ്പെടുത്തുന്നതും അവിടെയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതും വെള്ളം 156 അടിയായി ഉയർത്തി യാൽ വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്ന ബ്ലോക്കുകൾ സ്ഥാപി ക്കുന്നതും സംബന്ധിച്ച് നിർദ്ദേശം നൽകുന്ന കാഴ്ചയാണ് കാണാൻ

കഴിഞ്ഞത്. ദുരന്തനിവാരണ സേനയുടെ പ്രവർത്തനവും നിറുത്തിവയ്ക്കേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. മുല്ലപ്പെരിയാർ, ഇടുക്കി ഡാമുകളുടെ ഇടയിലുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും പ്രശ്നം പരിഹരിക്കാനും അടിയന്തിരമായി ഡാം ബ്രേക്ക് അനാലിസിസ് പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം. പെരിയാർ തീരദേശവാസികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ അടിയന്തരമായി കൈക്കൊള്ളാനും പീരുമേട്ടിൽ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ ക്രമീകരണം നടത്താനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മുല്ലപ്പെരിയാർ, ഇടുക്കി, ചെറുതോണി, കുളമാവ്, ലോവർ പെരിയാർ, ഭൂതത്താൻകെട്ട് എന്നീ ഡാമുകളുടെ ഡാം ബ്രേക്ക് അനാലിസിസ്സിനെക്കുറിച്ചും മുല്ലപ്പെരിയാർ ഡാം മുതൽ അറബിക്കടൽ വരെയുണ്ടാകാവുന്ന പ്രളയ സാദ്ധ്യതകളെക്കുറിച്ചുമുള്ള റൂർക്കി ഐ.ഐ.റ്റി.-യുടെ റിപ്പോർട്ട് പ്രകാരം ഡാമിന് തകരാർ സംഭവിച്ചാൽ അതിന് താഴെ സ്ഥിതി ചെയ്യുന്ന 8941 വീടുകളേയും 32503 ആളുകളേയും നേരിട്ട് ബാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അപകടം ഉണ്ടാകുന്നപക്ഷം ആളുകൾക്ക് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം റവന്യൂവകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അപകടം ഉണ്ടായാൽ ഉടനെ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ദുരന്തനിവാരണ വകുപ്പിന്റെ കീഴിൽ എല്ലാ പഞ്ചായത്തുകളിലും വിശദമായ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ഡാം ബ്രേക്ക് അനാലിസിസ്സിന്റെ പഠനം United States Bureau of Reclamation (USBR) എന്ന software ഉപയോഗിച്ച് നടത്തിവരുന്നു. ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന

ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ഒരു ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. ഉപ്പുതറ, അയ്യപ്പൻകോവിൽ, പീരുമേട് താലൂക്ക് ഓഫീസ്, ഉടുമ്പൻചോല താലൂക്ക് ഓഫീസ്, ഇടുക്കി കളക്ടറേറ്റ് എന്നിവിടങ്ങളിൽ കൺട്രോൾ റൂമുകൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. സാമൂഹ്യാധിഷ്ഠിത ദുരന്തനിവാരണ പദ്ധതിയിലൂടെ തദ്ദേശവാസികളെ ബോധവത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ദുരന്തസമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് Incidents Response System (IRS) നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

## (2) വിദ്യാഭ്യാസ വായ്പ

ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്: വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും വായ്പാത്തുക തിരിച്ചടയ്ക്കാൻ കഴിയാതെ ഇന്ന് ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണ്. 2009 മുതലുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയ്ക്ക് കേന്ദ്ര ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചതുവഴി അവരുടെ പണം തിരിച്ചടയ്ക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. 2001 മുതൽ 2008 വരെ എടുത്ത വായ്പയുടെ പലിശയും പിഴപ്പലിശയും ഇപ്പോൾ അഞ്ചിരട്ടിയിലധികമായിരിക്കുകയാണ്. തുച്ഛമായ ശമ്പളത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്കും നഴ്സുമാർക്കും വായ്പയെടുത്ത് പഠിച്ച് പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞവർക്കും ലോൺ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടേണ്ടിവരികയാണ്. ബാങ്കുകളുടെ ഇത്തരം നടപടികൾ നിയന്ത്രിക്കണം. ബാങ്കുകൾ അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസ ലോൺ

കൊടുക്കാൻ നടപടി സ്വീകരിക്കണം. ലോൺ ഗഡുക്കളായി കൊടുക്കുന്നതു മൂലം അനേകം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിയിരിക്കുകയാണ്. 2001 മുതൽ 2008 വരെയുള്ള മുഴുവൻ വിദ്യാഭ്യാസ വായ്പയുടേയും പലിശയും പിഴപ്പലിശയും എഴുതിത്തള്ളാനും ജപ്തി നടപടികൾ നിറുത്തിവയ്ക്കാനും നടപടി സ്വീകരിക്കണം. പ്രൈവറ്റ് ആശുപത്രികളിലും അൺ-എയ്ഡഡ് സ്കൂളുകളിലും ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ലഭ്യമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വായ്പ പുതിയ തലമുറ യുടെ പ്രശ്നമായി മാറിയിരിക്കുകയാണ്. പലരും ലോൺ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുകയാണ്. ഗവൺമെന്റ് ഈ പ്രശ്നം ഇതിനോടകംതന്നെ ടേക്കപ്പ് ചെയ്ത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2009-ന് ശേഷമുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ആ വിദ്യാർത്ഥിക്ക് ജോലി കിട്ടുന്നതു വരെ അല്ലെങ്കിൽ വിദ്യാഭ്യാസം കഴിഞ്ഞ് ഒരു കൊല്ലം, ഏതാണോ ആദ്യം വരുന്നത് അതുവരെയുള്ള പലിശ കേന്ദ്ര ഗവൺമെന്റ് ബാങ്കുകൾക്ക് കൊടുക്കുന്നതാണ്. 2003 മുതൽ 2009 വരെയുള്ള വായ്പയ്ക്ക് ഈ ആനുകൂല്യം ലഭിക്കാത്തതുകൊണ്ടാണ് ഭാരിച്ച കുടിശ്ശിക വന്നിരിക്കുന്നത്. ഈ സബ്സിഡി പഴയ വിദ്യാഭ്യാസ ലോണിനുകൂടി ബാധകമാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. നാഷണലൈസ്ഡ് ബാങ്കുക ളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ളവർക്കേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ യെടുത്തവർക്കുകൂടി ഇത് ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സബ്സിഡിയുടെ ഒരു വിഹിതം സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കാൻ തയ്യാറാണ്. ഒരു പ്രയോറിറ്റി സെക്ടറായി വിദ്യാഭ്യാസ മേഖലയെ കണ്ട് കുറഞ്ഞ

പലിശയ്ക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ തയ്യാറാകണം. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതിനുമായി പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ഉന്നത വിദ്യാഭ്യാസം, ധനകാര്യം എന്നീ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർ എന്നിവർ മെമ്പർമാരുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും സ്വകാര്യ ആശുത്രികളിലെ നഴ്സുമാരുടെയും ശമ്പളം ബാങ്കുവഴി നൽകാനുള്ള ഉത്തരവ് കർശനമായി നടപ്പാക്കുന്നതാണ്. വിദ്യാഭ്യാസ വായ്പയ്ക്ക് പിഴപ്പലിശ വാങ്ങാൻ പാടില്ലെന്ന ഗവണ്മെന്റ് നിലപാട് ബാങ്കുകളെ അറിയിക്കുകയും അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

<u>സബ്മിഷൻ</u>

(1) <u>നദീജല സംയോജനം സംബന്ധിച്ച സുപ്രീംകോടതി ഉത്തരവ്</u>

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നത് തടയുന്നതിനും നദീജലസംയോജനം സംബന്ധിച്ചുള്ള സുപ്രീംകോടതി ഉത്തരവുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി):</u> സുപ്രീം കോടതി ഉത്തരവ് കൺകറിംഗ് സ്റ്റേറ്റുകൾക്കുള്ളതാണെന്നും പമ്പ-അച്ചൻകോവിൽ നദികൾ ഇന്റർസ്റ്റേറ്റ് നദികളല്ലാത്തതിനാൽ നദീജല സംയോജനം സംബന്ധിച്ച പ്രൊപ്പോസൽ കേരളത്തിന് സ്വീകാര്യമല്ലെന്നും ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വെള്ളത്തിന്റെ കാര്യത്തിൽ കേരളം മിച്ച

സംസ്ഥാനമല്ല. ഇക്കാര്യത്തിൽ നിയമവിദഗ്ദ്ധരുടെ ഉപദേശം തേടിയതിനു ശേഷം തുടർ നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

**(2) മംഗലാപുരം വിമാന ദുരന്തത്തെ തുടർന്നുള്ള നഷ്ടപരിഹാരം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : 2010 -ൽ മംഗലാപുരത്തുണ്ടായ വിമാന ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അന്താരാഷ്ട്ര നിയമം അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് പ്രായപരിധിയും സാമ്പത്തികശേഷിയും നോക്കാതെ നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : മംഗലാപുരം വിമാനാപകടത്തിൽ പരിക്ക് പറ്റിയവർക്ക് അന്താരാഷ്ട്ര നിയമ പ്രകാരമുള്ള നഷ്ടപരിഹാരം കിട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 70 കേസുകളിൽ പൂർണ്ണമായും 7 എണ്ണത്തിൽ ഭാഗികമായും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ തുക എത്രയും വേഗം പൂർണ്ണമായി കൊടുത്തുതീർക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്.

**(3) സർക്കാർ പരിപാടികളിൽ പി.എസ്.സി. ഉദ്യോഗസ്ഥരുടെ പങ്കാളിത്തം**

ശ്രീ. പി.കെ.ബഷീർ : പി.എസ്.സി. ഒരു സ്വതന്ത്ര ബോഡിയായതിനാൽ അസംബ്ലി കമ്മിറ്റിയിലോ, ജില്ലാ വികസന സമിതിയിലോ, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലോ പങ്കെടുക്കേണ്ടതില്ലെന്നതിലെ സാങ്കേ തികത്വം തിരുത്തി ഇത്തരം യോഗങ്ങളിൽ പി.എസ്.സി. ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമായതിനാൽ അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷന്റെ സാന്നിദ്ധ്യം ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന വിഷയങ്ങളിൽ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതിന് അനുവദിക്കാറുണ്ട്. ഇക്കാര്യം പി.എസ്.സി.യെ അറിയിക്കുന്നതാണ്.

### (4) റാഗിംഗിനെതിരെ നിയമനിർമ്മാണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: റാഗിംഗ് സംബന്ധിച്ചും റാഗിംഗിന് ഇരയാകുന്നവർക്കുള്ള പരിരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളേയും പൊതുസമൂഹത്തേയും ബോധവൽക്കരിക്കുന്നതിനും യു.ജി.സി. നിർദ്ദേശം കർശനമായി നടപ്പാക്കുന്നതിനും റാഗിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി കടുത്ത ശിക്ഷ നൽകാനുതകുംവിധം നിയമനിർമ്മാണം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): റാഗിംഗ് സംബന്ധിച്ച 2009-ലെ നിയമത്തിന്റെ വെളിച്ചത്തിൽ വിദ്യാഭ്യാസ സ്ഥാപന മേലധികാരികളുടേയും പി.ടി.എ.-കളുടേയും നേതൃത്വത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രൂപീകരിച്ച ആന്റി റാഗിംഗ് കമ്മിറ്റിയും സ്ക്വാഡും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് ഇതിനെതിരായ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. റാഗിംഗ് കർശനമായി തടയുന്നതിന് ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ടിന് ഭേദഗതി കൊണ്ടുവരാൻ നടപടി കൈക്കൊണ്ടുവരുന്നു.

### (5) പ്ലസ് ടൂ അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി.റ്റി. ബൽറാം: പാലക്കാട് ജില്ലയിലെ തൃത്താല വട്ടേനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2012–13 അദ്ധ്യയന വർഷം മുതൽ പ്ലസ് ടൂ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ ഹൈസ്ക്കൂളുകളിൽ പുതുതായി ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വട്ടേനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2012–13 അദ്ധ്യയന വർഷം പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ നിർവ്വാഹമില്ല.

### (6) അപ്രോച്ച് റോഡിന്റെ നിർമ്മാണം

ശ്രീ. റ്റി. വി. രാജേഷ്: കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാട്ടൂൽ-മാടായി പഞ്ചായത്ത് നിവാസികൾ അനുഭവിക്കുന്ന ഗുരുതരമായ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് മുടങ്ങിക്കിടക്കുന്ന സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : കണ്ണൂർ ജില്ലയിലെ കോഴിബസാർ-സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് ഭരണ-സാങ്കേതികാനുമതികൾ നൽകിയിട്ടുണ്ട്. ടെണ്ടർ കമ്മിറ്റിയുടെ അനുമതി ലഭിച്ചുവന്നപ്പോൾ ടേം പീരിയഡ് കഴിഞ്ഞതിനാൽ കരാറുകാരൻ പിൻവാങ്ങുകയും പുതിയ കരാറുകാരന് പുതുക്കിയ റേറ്റിൽ

പണി നടത്താനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗം പണി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

### (7) പാലത്തിന്റെയും താലൂക്ക് ഓഫീസ് മന്ദിരത്തിന്റെയും നിർമ്മാണം

ശ്രീ. ആർ. സെൽവരാജ് : നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ പരിധിയിൽവരുന്ന തിരുപുറം, ചെങ്കൽ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിന് കുറുകെയുള്ള പാഞ്ചിക്കാട്ട് കടവ്പാലം നിർമ്മിക്കുന്നതിനും നെയ്യാറ്റിൻകര താലൂക്കാഫീസ് മന്ദിരം പുതുക്കിപ്പണിയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ, തിരുപുറം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാഞ്ചിക്കാട്ട് കടവ്പാലം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 16 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. നെയ്യാറ്റിൻകര താലൂക്കാഫീസ് മന്ദിരം പുതുക്കിപ്പണിയുന്നതിനും ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. രണ്ട് ജോലികളും സമയബന്ധിതമായി തീർക്കുന്നതിന് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (8) കുടിവെള്ള ക്ഷാമം

ശ്രീ. ഷാഫി പറമ്പിൽ : പാലക്കാട് ജില്ലയിലെ ജനങ്ങൾ കടുത്ത ചൂടിനെത്തുടർന്ന് കുടിവെള്ളത്തിന് ബുദ്ധിമുട്ടുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗി ക്കുകയും ഇതിനായി ഒരു പ്രത്യേക പാക്കേജ് അനുവദിക്കുകയും വേണം. മലമ്പുഴയിൽനിന്നും കുടിവെള്ളമെത്തിക്കുന്ന പഴക്കമേറിയ പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : താൽക്കാലിക തടയ ണകൾ നിർമ്മിച്ച് പാലക്കാട് ജില്ലയിൽ വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. പഴകിയ പൈപ്പുലൈനുകൾ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജലക്ഷാമം പരിഹരിക്കാൻ നബാർഡ്, ടെക്നോളജി മിഷൻ എന്നിവയുടെ സഹാ യത്തോടെയും ഗ്രാമീണ ശുദ്ധജല വിതരണം NCVC, UIDSSMT, NRDWP തുടങ്ങിയ പദ്ധതികളനുസരിച്ചും വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് അടിയന്തര യോഗം വിളിച്ചുചേർക്കുന്നതാണ്.

## (9) ഭക്തജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

ശ്രീ. വി. ശിവൻകുട്ടി : തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിലും കരമനയാറിലും പാർവ്വതീപുത്തനാറിലും അടിഞ്ഞുകൂടുന്ന മാലിന്യംമൂലം തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനും ഈ ആറുകൾ സമ്പൂർണ്ണമായി ശുചീകരിച്ച്

സംരക്ഷണ ഭിത്തികളില്ലാത്തിടത്ത് അവ നിർമ്മിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : പാർവ്വതീപുത്തനാറിലെ മാലിന്യ നിർമ്മാർജ്ജനം പൂർത്തീകരിച്ചാൽ മാത്രമേ പരശുരാമ ക്ഷേത്രത്തിനുസമീപമുള്ള കരമനയാറ്റിലെ മാലിന്യക്കയറ്റം പരിഹരിക്കാൻ കഴിയുകയുള്ളൂ. എ.ഡി.ബി.-യുടെ സഹായത്തോടെ നഗരസഭയും കേരള വാട്ടർ അതോറിറ്റിയും ഏറ്റെടുത്തിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരമാവുകയുള്ളൂ. ക്ഷേത്രത്തിലെ ബലിക്കടവിലേയ്ക്ക് മാലിന്യക്കയറ്റം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ബലിഘട്ട്-ന് താഴെയായി കരമനയാറുമായി ചേരുന്ന ഭാഗത്ത് ഷട്ടറോടുകൂടി നിർമ്മിച്ച തടയണയുടെ പ്രവർത്തനം തൃപ്തികരമാണ്. തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതി പരിഹരിക്കുന്നതിന് കരമനപ്പാലം മുതൽ തിരുവല്ലം വരെയുള്ള ഭാഗം വൃത്തിയാക്കാനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കിള്ളിയാർ, കരമനയാർ പ്രദേശങ്ങളിലെ മാലിന്യ പ്രശ്നം, തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം, പാർവ്വതീപുത്തനാറിലെ മലിനീകരണം ഇവയെല്ലാം ഉൾപ്പെടുത്തി റൈറ്റ്സിനെക്കൊണ്ട് ഒരു പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## (10) മനോരോഗ ചികിത്സാകേന്ദ്രങ്ങളുടെ അപര്യാപ്തത

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : കേരളത്തിലെ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിലെ പരിമിതമായ സൗകര്യങ്ങൾ കണക്കിലെടുത്ത് ഇത്തരം കേന്ദ്രങ്ങളിൽ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, നഴ്സസ് എന്നിവരെ നിയോഗിക്കുകയും റീഹാബിലിറ്റേ

ഷൻ സ്പെഷ്യലിസ്റ്റ് സെന്റർ സ്ഥാപിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കേരളത്തിൽ മനോരോഗ ചികിത്സയ്ക്കുവേണ്ടി സർക്കാർ/സ്വകാര്യ മേഖലകളിൽ ഏകദേശം 5300 കിടക്കകൾ ലഭ്യമാണ്. കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസ് മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം വിപുലീകരിക്കുന്നതിനും ആവശ്യമായ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് മനോരോഗ ചികിത്സാ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുള്ള പരിശീലനം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ ജില്ലാ മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, നഴ്സ് എന്നിവരുൾപ്പെടുന്ന മനോരോഗ ചികിത്സാ ടീം ജില്ലകളിലെ ഉൾപ്രദേശങ്ങളിലെത്തി മരുന്നുവിതരണം ഉൾപ്പെടെയുള്ള സൗജന്യ ചികിത്സകൾ നൽകിവരുന്നു.മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ എൻ.ആർ.എച്ച്.എം.-ന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ മാനസിക ആരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്.

### (11) പാലക്കാട് മെഡിക്കൽ കോളേജിന്റെ ആവശ്യകത

ശ്രീ. എം. ഹംസ : പിന്നോക്ക ജില്ലയിൽപ്പെടുന്നതും ആധുനിക ചികിത്സയുടെ യാതൊരു സൗകര്യവും ലഭിക്കാത്തതുമായ പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും റെയിൽവേയുടെ മെഡിക്കൽ

കോളേജ് പാലക്കാട് ജില്ലയിൽ അനുവദിക്കുമെന്ന് ഉറപ്പുവരുത്താനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർക്കാർ മേഖലയിൽ നിലവിലുള്ള 5 മെഡിക്കൽ കോളേജുകൾക്ക് പുറമേ പത്തനം തിട്ട, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. റെയിൽവേയുടെ മെഡിക്കൽ കോളേജ് പാലക്കാട് അനുവദിക്കുന്നതിനുള്ള നിർദ്ദേശ ങ്ങളെക്കുറിച്ച് ഏത് തരത്തിൽ പരിഗണിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കാം.

## (12) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ പദ്ധതികൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ : കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മരുന്നും ചികിത്സയും നൽകുന്ന പദ്ധതി കാര്യക്ഷമ മാക്കുന്നതിനും ദുരിതബാധിതർക്ക് നൽകുന്ന പെൻഷൻ യഥാസമയം ലഭ്യമാക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങൾക്ക് അനുവദിച്ച ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കും മരുന്ന് വിതരണത്തിനുമായി അലോപ്പതി/ആയുർവേദം/ ഹോമിയോ വിഭാഗങ്ങളിലായി മൂന്ന് ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റ്,

മാനസിക വൈകല്യം ഉള്ളവരെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർ, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന മേജർ മൊബൈൽ ടീം ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും സന്ദർശനം നടത്തി രോഗികൾക്ക് സേവനം ലഭ്യമാക്കുന്നുണ്ട്. രണ്ട് മിനി മൊബൈൽ മെഡിക്കൽ ടീമുകളും ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ ടീമിലെ ഡോക്ടർമാർ നിർദ്ദേശിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ഇല്ലാത്ത മരുന്നുകൾ പുറത്തുനിന്നും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. സ്റ്റാഫ് നഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ 11 പഞ്ചായത്തുകളി ലെയും കിടപ്പിലായ രോഗികൾക്ക് സാന്ത്വന ചികിത്സയും നൽകിവരുന്നു. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി കളിൽ അതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സണ്ണി ജോസഫ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ ഭരണനടപടികളുടെ സംക്ഷിപ്തരൂപമാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. വികസനത്തി ന്റെയും പുരോഗതിയുടേയും ഒരു വർഷത്തെ മുൻഗണനാക്രമങ്ങൾ നിശ്ചയി ക്കുന്ന നേർരേഖയാണിത്. ഒൻപത് മാസക്കാലത്തെ യു.ഡി.എഫ്. ഭരണത്തിലൂടെ ജനങ്ങൾക്ക് വളരെയധികം ആശ്വാസം ലഭിച്ചിട്ടുണ്ട്. മുഖ്യ മന്ത്രിയുടെ ജനസമ്പർക്ക പരിപാടി അന്തർദ്ദേശീയ നിലവാരത്തിൽവരെ

ജനങ്ങൾ ചർച്ച ചെയ്തിട്ടുള്ളതും ഉത്തമ ഭരണത്തിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുമാണ്. അതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. മൂലമ്പിള്ളി, മൂന്നാർ, ചെങ്ങറ പ്രശ്നങ്ങളിൽ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നിശ്ചയദാർഢ്യത്തിലധിഷ്ഠിതമായ നിലപാടുകൾ പ്രശംസനീയമാണ്. റോഡുകളുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ സഫലമാക്കിയത് ശ്ലാഘനീയമാണ്. പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിലും ജനാധിപത്യ മര്യാദകൾ പാലിക്കുന്നതിലും ഈ ഗവൺമെന്റ് ഉത്തമ മാതൃക സ്വീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസക്തി അംഗീകരിച്ച് വാർഷിക പദ്ധതികൾക്ക് ബദലായി പഞ്ചവൽസര പദ്ധതികൾ പ്രാവർത്തികമാക്കുന്നത് പ്രതീക്ഷാനിർഭരമാണ്. കാസർകോഡ് മുതൽ തിരുവനന്തപുരം വരെ അതിവേഗ റെയിൽ കോറിഡോർ, കണ്ണൂർ വിമാനത്താവള പദ്ധതി എന്നിവയുടെ തുടർനടപടികളുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഭരണ നിർവ്വഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തി അംഗീകരിക്കുന്നതിനുവേണ്ടി ഈ മേഖലകളിലുള്ള മികവിന് അവാർഡുകൾ ഏർപ്പെടുത്തും എന്ന. ആശയം ശ്ലാഘനീയമാണ്. മോഡേൺ ടെക്നോളജി ഇൻ വേസ്റ്റ് മാനേജ്മെന്റ്, ശുചിത്വ മിഷൻ, മാലിന്യമുക്ത കേരളം തുടങ്ങിയ പദ്ധതികൾ ശ്രദ്ധേയമാണ്. എസ്.സി. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതിയും അവർക്ക് 1300 വീടുകൾ പുതുതായി പണിയുമെന്നുമുള്ള പ്രഖ്യാപനവും

അഭിനന്ദനാർഹമാണ്. മലയോരപ്രദേശങ്ങളിലെ കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസ സൗകര്യമേർപ്പെടുത്താനുള്ള നടപടി ശ്രദ്ധേയമാണ്. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആർ.ജി.ജി.വി.വൈ. പ്രകാരം ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും ഈ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ അഭിനന്ദനാർഹമാണ്. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിന് നികുതി ഘടനയിലും ട്രഷറികളിലും പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതും കോർ ബാങ്കിംഗ് നെറ്റ് വർക്കിംഗ് മേഖല വിപുലീകരിക്കുന്നതും നേട്ടം തന്നെയാണ്. ഗതാഗത രംഗത്ത് കൂടുതൽ ശ്രദ്ധയും കാര്യക്ഷമതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജനസംഖ്യ, വിസ്തൃതി എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് താലൂക്ക് അടിസ്ഥാനത്തിൽ കൂടുതൽ ജോയിന്റ് ആർ.ടി.ഓഫീസുകൾ ആരംഭിക്കേണ്ടതാണ്. ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കാൻ സമർപ്പിച്ച പദ്ധതികൾ നേടിയെടുക്കണം.

<u>ശ്രീ. ടി.വി. രാജേഷ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രഖ്യാപനങ്ങൾ പ്രായോഗികമാക്കാനുള്ള യാതൊരു നടപടിയും ഇല്ലാത്ത നയപ്രഖ്യാപന പ്രസംഗമാണിത്. ബി.ഒ.ടി. അടിസ്ഥാനത്തിൽ 1300 കിലോമീറ്റർ റോഡുകളുടെ നിലവാരം ഉയർത്തുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണം. കേരളത്തിലെ റോഡുകൾ സ്വകാര്യ കുത്തകകൾക്ക് പതിച്ചുനൽകാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള അന്തരീക്ഷമുണ്ടാക്കുന്നത് യുവജനങ്ങളോടുള്ള കടുത്ത അവഗണനയാണ് കാണിക്കുന്നത്. മാറാട് കലാപം സി.ബി.

ഐ.യെ.ക്കൊണ്ട് അന്വേഷിപ്പിക്കാനും കണ്ണൂർ, കാസർഗോഡ്, കാഞ്ഞങ്ങാട്, മലപ്പുറം ജില്ലകളിലെ കലാപം തടയാനും നടപടി സ്വീകരിക്കണം. തീവ്രവാദ സ്വഭാവമുള്ള കേസുകൾ പ്രത്യേക ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാനും എല്ലാ വിഭാഗം ആളുകൾക്കും സംരക്ഷണം നൽകാനും തയ്യാറാകണം. കേരളത്തിന്റെ സാമുദായിക അസന്തുലിതാവസ്ഥയ്ക്കും സാമൂഹ്യ അസമത്വത്തിനും വഴിവയ്ക്കുന്ന നയങ്ങൾ സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയാക്കും. ജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കണം. ക്രിയാത്മകമായ പദ്ധതികളില്ലാത്ത നിരാശാജനകമായ നയപ്രഖ്യാപനമാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എം. ഉമ്മർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ ലക്ഷക്കണക്കിനാളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയ നടപടി അഭിനന്ദനാർഹമാണ്. രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ സൈനികരെ തുറുങ്കിലടയ്ക്കാൻ നടപടി സ്വീകരിച്ച ഗവണ്മെന്റാണിത്. കഴിഞ്ഞ ഒൻപതുമാസത്തിനിടയിൽ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. അദ്ധ്യയനവർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്തതും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചതും എട്ടാം ക്ലാസ്സിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ കൊടുത്തതും പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് കൊടുത്തതും അഭിനന്ദനാർഹമാണ്. കേരളത്തെ മദ്യവിമുക്തമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ദേശീയ തലത്തലിൽ നടപ്പാക്കുന്ന സാമ്പത്തിക നയത്തിന്റെ പരിണത ഫലമായാണ് കർഷക ആത്മഹത്യകൾ വർദ്ധിക്കുന്നത്. കോടികളുടെ പ്രഖ്യാപനം മാത്രമാണ് ഈ ഗവണ്മെന്റ് നടത്തിയിട്ടുള്ളത്. മുൻ യു.ഡി.എഫ്. സർക്കാർ കുടിശ്ശികയാക്കിയ മുഴുവൻ ക്ഷേമ പെൻഷനുകളും കൊടുത്തു തീർത്തത് കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശമില്ലാത്തത് ഖേദകര മാണ്. ഈ ഗവൺമെന്റിന്റെ തെറ്റായ സമീപനംമൂലം കഴിഞ്ഞ എൽ.ഡി.എ ഫ്. സർക്കാർ പുനരുദ്ധരിച്ച് ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപന ങ്ങളെല്ലാം നഷ്ടത്തിലായിരിക്കുകയാണ്. കാർഷിക-വ്യാവസായിക മേഖല യിലും ദുർബ്ബല ജനവിഭാഗങ്ങളുടെയിടയിലും കടുത്ത അസംതൃപ്തിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് നൽകിയ വാഗ്ദാനം നടപ്പാക്കപ്പെട്ടിട്ടില്ല. ആരോഗ്യ രംഗത്തും മറ്റ് വിവിധ രംഗങ്ങളിലും വെറും പ്രഖ്യാപനങ്ങൾ മാത്രമാണുള്ളത്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തെക്കുറിച്ച് യാതൊന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടില്ല. കാസർഗോഡ് ജില്ലയിൽ റോഡ് പണിക്ക് ഫണ്ട് അനുവദിച്ചതിൽപോലും വിവേചനം കാണിച്ച സർക്കാരാണിത്. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുന്നതിന് നടപടികൾ സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ചെറിയ തുക അനുവദിക്കുന്നതല്ലാതെ പങ്കെടുത്ത ബഹുഭൂരിപക്ഷത്തിനും യാതൊരു പ്രശ്നപരിഹാരവുമുണ്ടാകുന്നില്ല.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ വളരെയധികം വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി രാജ്യം കണ്ട ഏറ്റവും വലിയ ബഹുജന സമാശ്വാസ പദ്ധതിയായി മാറിയിട്ടുണ്ട്. വിവിധ മേഖലകളുടെ ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടാണ് 'വിഷൻ 2030'-ന് തുടക്കമിടുന്നത്. അടിസ്ഥാന സൗകര്യ വികസനം, ഭൂരഹിതർ ഇല്ലാത്ത സംസ്ഥാനം, സ്ക്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം, സ്മാർട്ട് സിറ്റിയുടെ മാതൃകയിൽ അക്കാഡമിക് സിറ്റി, മികച്ച സർക്കാർ ജീവനക്കാർക്ക് പുരസ്ക്കാരം, മുല്ലപ്പെരിയാറിൽ പുതിയ ഡാം, ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് തുടങ്ങി നിരവധി പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേരള സംസ്ഥാന സംരംഭക വികസന മിഷൻ, ശബരിമലയിൽ പമ്പ മുതൽ സന്നിധാനം വരെയുള്ള പ്രദേശം ശുചീകരിക്കുന്നതിന് 105 കോടി രൂപയുടെ പദ്ധതി എന്നിവ സ്വാഗതാർഹമാണ്. മൽസ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ സൈനികരെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി ജമീലാ പ്രകാശം:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം എന്നീ വൻകിട പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവഗണിക്കപ്പെട്ടുവെന്ന് പറയുന്നത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു സുതാര്യതയുമില്ല. കമ്പനിയിലെ ഡയറക്ടർ ബോർഡിൽ വിഴിഞ്ഞം മണ്ഡലത്തിലെ

എം.എൽ.എ.-യെപ്പോലും ഉൾപ്പെടുത്തിയിട്ടില്ല. തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞാൽ ഓപ്പറേറ്ററെ കണ്ടെത്തുന്നതിനുള്ള കൺസൾട്ടന്റായി ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെയാണ് നിയോഗിച്ചിട്ടുള്ളത്. വിഴിഞ്ഞം പോർട്ടിന്റെ ഓപ്പറേഷന് മറ്റൊരു ഏജൻസിയെ നിയമിക്കേണ്ട ആവശ്യമുണ്ടോയെന്ന കാര്യം സർക്കാർ ആലോചിക്കണം.

<u>ശ്രീ.എസ്. ശർമ്മ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന്റെ നയങ്ങളെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്ന ആളുകളെ പ്രതികളാക്കി എഫ്.ഐ.ആർ. തയ്യാറാക്കുക, പോലീസ് മർദ്ദനവും വെടി വയ്പും ന്യായീകരിക്കുക, പാവപ്പെട്ട ജനങ്ങൾ അനുഭവിച്ചുവന്നിരുന്ന ആനുകൂല്യങ്ങൾ പടിപടിയായി നിറുത്തലാക്കുക തുടങ്ങി ജനദ്രോഹകരമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. പരസ്യങ്ങളിലൂടെ ജന ഹൃദയങ്ങളിൽ ഇടംതേടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കാസർഗോഡ് ഭൂമി പതിച്ചുകൊടുത്ത പ്രശ്നത്തിന്റെ പേരിൽ പ്രതിപക്ഷനേതാവിനെ വ്യക്തി ഹത്യ നടത്താനുള്ള ശ്രമം അപഹാസ്യമാണ്. പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾ കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷയുടെ സാക്ഷിപത്രമാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. തെരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് നാശം സംഭവിച്ചാൽ കർഷകർക്ക് വരുമാനഭദ്രത ഉറപ്പാക്കുന്ന പദ്ധതി, നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം, സർക്കാർ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത അമ്മമാരാകാൻ പോകുന്നവർക്ക്

സൗജന്യ ഗതാഗത സൗകര്യങ്ങൾ, കേരളത്തെ 2015-ൽ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുമെന്ന പ്രഖ്യാപനം, 1300 കിലോമീറ്റർ റോഡ് നിലവാരം ഉയർത്തുന്ന പദ്ധതി, മാലിന്യ നിർമ്മാർജ്ജനത്തിന് ത്രിമാന തന്ത്രം, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നൂറ് ശതമാനം നെല്ലും സപ്ലൈകോ വഴി സംഭരിക്കുക, നിർഭയ പദ്ധതി, ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 5000 പുതിയ വീടുകളും ഭൂരഹിതരായ 6000 പേർക്ക് സാമ്പത്തിക സഹായവും മെറിറ്റ് ലിസ്റ്റിൽനിന്നും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള കോക്ളിയർ ഇംപ്ലാന്റ്, അധ്യാപക പാക്കേജ്, അക്കാദമിക് സിറ്റി, മധ്യകേരളത്തിൽ ഇലക്ട്രോണിക് സിറ്റി, ബാലാവകാശ കമ്മീഷൻ, വികലാംഗ സൗഹൃദ സംവിധാനം, ഗ്രാമയാത്ര എന്നീ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ജനസമ്പർക്ക പരിപാടിയിലൂടെ സാധാരണക്കാരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കാസർഗോഡ് ജില്ലയിൽ സപ്തസ്വര കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം അങ്ങേയറ്റം ശ്രദ്ധേയമാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ ആത്മവിശ്വാസമില്ലാത്തതും ചടുലമല്ലാത്തതുമായ പ്രവർത്തനത്തിന്റെ മുഖമുദ്രയാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഈ ഗവൺമെന്റിന്റെ അവകാശവാദവും യാഥാർത്ഥ്യവും തമ്മിൽ യാതൊരു ബന്ധവുമില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസ് ആശ്വാസ കേന്ദ്രമാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും സുരക്ഷാ

പ്രവർത്തനത്തിന്റെയും ദുരന്തനിവാരണത്തിന്റെയും കാര്യത്തിൽ പരാജയമാണ്. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിലുള്ള അനിശ്ചിതത്വത്തിന് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

ശ്രീ. പി. എ. മാധവൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കി മുന്നോട്ടുപോവുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു ഗവൺമെന്റാണിത്. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ ഫണ്ട് ലാപ്സായി പോകുന്ന പ്രവണത ഒഴിവാക്കണം. വികസന കാര്യങ്ങളിൽ അഞ്ചുകൊല്ലം തുടർച്ചയായി പദ്ധതികൾ ആവിഷ്ക്കരിക്കാനും പ്രാവർത്തികമാക്കാനും പഞ്ചായത്തുകൾക്ക് അവസരം കൊടുക്കുന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിലൂടെ നൂറ് ദിവസം തൊഴിൽ കൊടുക്കാൻ കഴിയണം. തൃശ്ശൂരിലെ കോൾനിലങ്ങളുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിൽനിന്നും നേടിയെടുക്കാൻ കഴിഞ്ഞുവെന്നത് സ്വാഗതാർഹമാണ്. കോൾനിലങ്ങൾക്കുള്ള പമ്പിംഗ് സബ്സിഡി വർദ്ധിപ്പിക്കാനും പ്രൊഡക്ഷൻ ബോണസ് 1000 രൂപയായി ഉയർത്താനും യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി രംഗത്ത് കൃഷിക്കാർക്ക് മുൻഗണന കൊടുക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. തൃശൂർ ജില്ലയ്ക്ക് കാർഷിക മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഭക്ഷ്യസുരക്ഷ, ആരോഗ്യസുരക്ഷ, തൊഴിലുറപ്പുപദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനും എട്ടു

മുതൽ പതിനാലുവയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിന് അവസരമുണ്ടാക്കാനും ജനസമ്പർക്ക പരിപാടിയിലൂടെ സാധാരണക്കാരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ഡോ. കെ.ടി. ജലീൽ: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിൽ ഇച്ഛാ ശക്തിയോടുകൂടി പുതിയ ഡാം പണിയുമെന്ന പ്രഖ്യാപനം നടത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കർഷക ആത്മഹത്യ വർദ്ധിക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. രണ്ട് മത്സ്യ ത്തൊഴിലാളികളെ വെടിവച്ചുകൊന്നവർക്കെതിരെ അന്താരാഷ്ട്ര നിയമം അനുസരിച്ച് കേസെടുക്കുകയും തീരദേശത്തെ ജനങ്ങളുടെ ഭയാശങ്കകൾ മാറ്റാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. വിദേശരാജ്യങ്ങ ളിലെ ജയിലുകളിൽ കഴിയുന്നവരെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. മദ്യവിമുക്ത കേരളം യാഥാർത്ഥ്യമാക്കു മെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒൻപതു മാസത്തെ ഭരണത്തിനിടയിൽ സ്മാർട്ട്സിറ്റി മുതൽ കഞ്ചിക്കോട് കോച്ച് ഫാക്ടറി വരെ യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കേരള ത്തിന്റെ ഭരണനേട്ടങ്ങളെക്കുറിച്ച് പഠിക്കാൻ വിദേശരാജ്യങ്ങ ളിൽനിന്നുപോലും പ്രതിനിധികൾ വരുന്നത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് സിറ്റിയും ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയും സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പഞ്ചവൽസര പദ്ധതികൾ പഞ്ചായത്തുകളിൽകൂടി ആവിഷ്ക്കരിക്കുന്നതും

സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ നടപ്പിലാക്കാനുള്ള തീരുമാനവും 'എമർജിംഗ് കേരള'യിലൂടെ കേരളത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതും ശ്രദ്ധേയമായ കാര്യങ്ങളാണ്.

ശ്രീ. കെ. രാജു : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ സർക്കാരിന് ഒരു ജനോപകാര പ്രവർത്തനവും ഇതുവരെ നടത്താനായിട്ടില്ല. കോർപ്പറേഷനുകളിലും ബോർഡുകളിലും ചെയർമാൻമാരെ നിയമിക്കാത്തതിനാൽ അവിടെയൊക്കെ ഇപ്പോഴും ഉദ്യോഗസ്ഥ ഭരണമാണ് നടക്കുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ മുന്നണികൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. ജനസമ്പർക്ക പരിപാടിയുടെ പേരിൽ ധൂർത്താണ് ഇപ്പോൾ നടക്കുന്നത്. നിയമസഭാ സമ്മേളനം കൂടാനിരിക്കെ അതിനുമുൻപ് ഓർഡിനൻസിറക്കി ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന നിലപാട് ശരിയല്ല.

ശ്രീ. ജോസഫ് വാഴക്കൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം പോർട്ട്, മോണോ റെയിൽ, അതിവേഗ ട്രെയിൻ തുടങ്ങിയ വൻകിട പദ്ധതികളും ഒരു രൂപയ്ക്ക് 25 കിലോ അരി, ഒരു മണിക്കൂറിനകം റേഷൻ കാർഡ്, കണ്ണൂർ എയർപോർട്ട്, മാലിന്യമുക്ത കേരളം, കർഷകത്തൊഴിലാളി പെൻഷൻ, വരുമാന ഭദ്രതാ സ്കീം, ക്ഷീര കർഷകന് തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി തുടങ്ങി നാടിന്റെ സമഗ്ര വികസന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം. കേരളത്തിൽ നടക്കുന്ന നഴ്സുമാരുടെ സമരം പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായി കേരളത്തിൽ കർഷക ആത്മഹത്യയ്ക്ക് വിരാമ

മിടാൻ കഴിഞ്ഞു. കർഷക കടാശ്വാസ കമ്മീഷൻ അനുവദിച്ച പണംപോലും കർഷകർക്ക് നൽകാതെ ശതശതമാനം കേരളീയം പദ്ധതിയിലൂടെ കർഷകരെ കടക്കെണിയിൽപ്പെടുത്തിയതിനാലാണ് കർഷകർ ഇന്ന് ആത്മഹത്യ ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നത്. കർഷക ആത്മഹത്യയുടെ മുഴുവൻ ഉത്തരവാദിത്തവും ഈ ഗവൺമെന്റിൽ വച്ചുകെട്ടുന്നത് പ്രതിഷേധാർഹ മാണ്. 2012 മാർച്ച് 31-ന് മുമ്പ് എല്ലാ വകുപ്പുകളിലെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും പി.എസ്.സി. ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ള ഗവൺമെന്റിന്റെ നടപടി പ്രശംസനീയമാണ്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പി ക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് സർക്കാരിനെ തിരെ ഡി.വൈ.എഫ്.ഐ. നടത്തുന്ന സമരം അടിസ്ഥാനരഹിതമാണ്. ബലക്ഷയം സംഭവിച്ച മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നന്ദിപ്രമേയത്തെ എതിർക്കുന്നു. എട്ടുമാസക്കാലത്തെ മുഖ്യമന്ത്രിയുടെ പ്രവർത്തനറിപ്പോർട്ടാണ് നയ പ്രഖ്യാപനപ്രസംഗത്തിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രഖ്യാപന ങ്ങളല്ലാതെ വികസന പ്രവർത്തനങ്ങൾ യാതൊന്നും നടക്കുന്നില്ല. കർഷക ത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ സാമൂഹ്യ ക്ഷേമ പെൻഷനുകളെല്ലാം നിറുത്തിവച്ചിരിക്കുകയാണ്. പൊതുസമീപനമില്ലാത്ത ഗവൺമെന്റാണിത്. മുല്ലപ്പെരിയാർ വിഷയത്തിൽ ഒരു തീരുമാനമെടുക്കാൻപോലും ഗവൺമെന്റിന് സാധിച്ചിട്ടില്ല. പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ അഞ്ചാം വർഷ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പത്തുപദ്ധതികൾക്ക്

നാളിതുവരെ ഒരു രൂപപോലും ചെലവഴിക്കാത്തത് പരിഹാസ്യമാണ്. ആദിവാസി ക്ഷേമ പദ്ധതികൾക്ക് നീക്കിവച്ച പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് നിരാശാജനകമാണ്. ദുർബല ജനവിഭാഗങ്ങൾക്ക് ഗവൺമെന്റ് വേണ്ടത്ര പരിരക്ഷ നൽകുന്നില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് റോഡ് അപകടങ്ങളുടേയും കൊലപാതകങ്ങളുടേയും കർഷക ആത്മഹത്യകളുടേയും എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പെട്രോൾ വിലവർദ്ധന മൂലം ബസ്, ആട്ടോ, ടാക്സി യത്രാക്കൂലിയും നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിച്ചതിനാൽ ജനജീവിതം ദുരിതപൂർണ്ണമായിരിക്കുന്നു. സഹകരണ ബാങ്ക് സമിതികളും സർവ്വകലാശാലാ സമിതികളും ശിശുക്ഷേമ സമിതിയും പിരിച്ചുവിട്ടതിലൂടെ ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധ സമീപനം കൂടുതൽ വ്യക്തമായിരിക്കുന്നു. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 5100 കോടി രൂപയുടെ പദ്ധതികൾ ഉപേക്ഷിക്കുകയും 40,000 കോടി രൂപയുടെ റോഡ് വികസന പദ്ധതികൾ അട്ടിമറിക്കപ്പെടുകയും ചെയ്തു. മതസൗഹാർദ്ദം അട്ടിമറിക്കാൻ നടത്തുന്ന ഏതൊരു ശ്രമത്തെയും പരാജയപ്പെടുത്തണം. പ്രതിപക്ഷ നേതാവിന്റെ മകൻ ശ്രീ.വി.എ. അരുൺകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയുടെ റിപ്പോർട്ട് ചോരാനിടയായ സംഭവം അന്വേഷണവിധേയമാക്കണം.

(സഭ വൈകുന്നേരം 4.04-ന് പിരിഞ്ഞു.)